ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ധനകാര്യ വിഭാഗത്തിൽ 34 ജീവനക്കാരുണ്ട്.

(ബി) ഒരു സെക്ഷനിൽത്തന്നെ തുടരെ മൂന്ന് വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന 7 ജീവനക്കാരുണ്ട്.

(സി) ഭരണപരമായ കാര്യങ്ങളിൽ തടസ്സംവരാത്ത വിധത്തിലാണ് സ്ഥലംമാറ്റം നടത്തുന്നത്. നിശ്ചിത മാനദണ്ഡങ്ങൾക്കനുസരണമായിട്ടല്ലാതെ ഒരേ സെക്ഷനിൽ തുടരുന്നതിനുള്ള അനുവാദം ഒരു ജീവനക്കാർക്കും നൽകിയിട്ടില്ല. ഒരു വർഷത്തിനകം ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് റിക്രൂട്ടിലേക്ക് വിവർഷനാകുന്ന ജീവനക്കാർക്കും സർവ്വീസിൽനിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്കും സ്ഥലം മാറ്റത്തിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകാറുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സിവിൽസപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

243 (7214) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിൽ ആകെ എത്ര ജീവനക്കാരാണുള്ളത് ;

(ബി) ഓരോ സെക്ഷനിലും ഒരേ ഉത്തരവാദിത്തത്തിൽ മൂന്നുവർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന എത്ര ജീവനക്കാർ പർച്ചേസ് വിഭാഗത്തിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിശ്ചയിക്കപ്പെട്ട സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരേ സെക്ഷനിലും ഒരേ ഉത്തരവാദിത്തത്തിലും ഒരാൾക്ക് എത്രവർഷം തുടരാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം കാലാവധി കഴിഞ്ഞവരെ നിലവിലുള്ള സെക്ഷനിൽനിന്നും നിലവിലുള്ള ഉത്തരവാദിത്തങ്ങളിൽനിന്നും മാറ്റി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സിവിൽസപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് വിഭാഗത്തിൽ 21 ജീവനക്കാരുണ്ട്.

(ബി) മൂന്ന് വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന 2 ജീവനക്കാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മരണപരമായകാരണങ്ങളിൽ തടസ്സംവരാത്ത വിധത്തിലാണ് സ്ഥലംമാറ്റം നടത്തുന്നത്. നിശ്ചിത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒരു സെക്ഷനിൽത്തന്നെ തുടരുന്നതിനുള്ള അനുവാദം ആർക്കും നൽകിയിട്ടില്ല. ഒരു വർഷത്തിനകം ഡെപ്യൂട്ടേഷൻ പൂർത്തിയായി വകുപ്പിലേക്ക് വിവർഷൻ ആകുന്നവർക്കും സർവ്വീസിൽനിന്നും റിട്ടയർചെയ്യുന്ന ജീവനക്കാർക്കും സ്ഥലംമാറ്റത്തിൽ ഇളവുകൾ അനുവദിക്കാറുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സബ്ട്രഷറി ജീവനക്കാരുടെ പ്രൊമോഷൻ

244 (7215) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സബ്ട്രഷറിയിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് II, സീനിയർ അസിസ്റ്റന്റ് I എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ തടസ്സമെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) 2-9-2013-ൽ സബ്ട്രഷറി ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കാൻ എടുത്ത തീരുമാനങ്ങളിൽ സബ്ട്രഷറിയിലെ സീനിയർജീവനക്കാർക്കുവേണ്ടി എന്തെല്ലാംകാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(സി) 73 അസിസ്റ്റന്റ് സെയിൽസ്മാൻമാർക്ക് പ്രൊമോഷൻ നൽകുന്നതിനു വേണ്ടി സർക്കാരിന്റെ മുന്നിലുള്ള ഫയലിന്റെ സ്ഥിതി വ്യക്തമാക്കാമോ ;

(ഡി) നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ചാർജ് വഹിക്കുന്ന എത്ര ഔട്ട്ലെറ്റുകൾ നിലവിലുണ്ട് ; ഒരു എ.എസ്.എം.-ന് എത്രകാലം ഔട്ട്ലെറ്റിന്റെ ഇൻചാർജായി ജോലി ചെയ്യാവുന്നതാണ് ; ഇവർക്ക് ചാർജ് അലവൻസ് നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ജെ.എ. പോസ്റ്റുകൾക്ക് ആനുപാതികമായി എസ്.എ. II, എസ്.എ. I തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) സബ്ട്രഷറിയിൽ ജൂനിയർ അസിസ്റ്റന്റിന്റെ (Direct) 329 തസ്തികകളാണ് ഉള്ളത്. ആയതിൽ 100 എണ്ണം താൽക്കാലികമായി അനുവദിച്ചിട്ടുള്ളതാണ്. ഇതിന്റെ കാലാവധി 31-3-2014-ൽ അവസാനിച്ചു. ആയതിനാൽ നിലവിലുള്ള 20 ഒഴിവുകളിലേക്ക് പ്രൊമോഷൻ നടന്നിട്ടില്ല.

സീനിയർ അസിസ്റ്റന്റ് II-ന്റെ 19 തസ്തികകളാണ് ഉള്ളത്. ആയതിൽ ഒരു ഒഴിവുണ്ട്. പ്രമോഷൻ നടപടികൾ സബ്ട്രഷറി മാനേജിംഗ് ഡയറക്ടറാണ് നടത്തുന്നത്. GO(Ms.) 30/10 dt. 4-9-2010 പ്രകാരം സ്റ്റേ നിലവിലുള്ളതിനാൽ

LIBRARY ARCHIVES Kerala Legislative Assembly